Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH
FEDERAL BANK

ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM

മാതൃഭൂമി സീഡും വൈദ്യരത്നവും ചേർന്ന് വിദ്യാലയങ്ങളിൽ ജന്മനക്ഷത്ര വൃക്ഷങ്ങൾ നട്ടു പരിപാലിക്കുന്നതിനുള്ള പദ്ധതി ഒരുക്കുന്നു.

മാതൃഭൂമി–വൈദ്യരത്നം

# നക്ഷത്രവനം

## കൈപുസ്തകം

# 1


## അശ്വതി

## കാഞ്ഞിരം

### Strychnosnux-vomica



കാഞ്ഞിരത്തിൻകുരു വിഷമാണ് എന്നാൽ അത് സംസ്കരിച്ച് മിതമായ അളവിൽ ഉപയോഗിച്ചാൽ ബുദ്ധിശക്തിയും ദഹനശക്തിയും വർദ്ധിപ്പിക്കുന്നു.സന്ധികളിലെ നീർക്കെട്ട്, വേദന ഇവ ശമിപ്പിക്കുന്നു.









# 2

## ഭരണി

## നെല്ലി

### Phyllanthus emblica





വിറ്റാമിൻ സി, കാത്സ്യം, അയൺ എന്നിവയാൽ സമ്പുഷ്ടമായ നെല്ലിക്ക മഞ്ഞപ്പിത്തം, പ്രമേഹം എന്നിവയ്ക്ക് ഉത്തമമാണ്. രസായന ഔഷധമാണ്.



'നക്ഷത്രവനം' എന്നപേരിൽ നടപ്പാക്കുന്ന ഈ പദ്ധതിയനുസരിച്ച് കേരള ത്തിലെ ഒരോജില്ലയിലും തെര ഞ്ഞെടുക്കപ്പെടുന്ന 10 സ്കൂളുകളി ലാണ് നക്ഷത്രവനം ഒരുക്കുന്നത്. കൂടാതെ ചെന്നൈ, മംബൈ, ബംഗളുരു, ന്യൂഡൽഹി എന്നീ നഗരങ്ങളിലെ ഒരോ സ്കൂളിലും പദ്ധതി നടപ്പിലാക്കും.

# 3

## കാർത്തിക

## അത്തി

## *Ficus racemosa*

അത്തി രക്തശുദ്ധീകരണത്തിന് വളരെ നല്ലതാണ്. മാനസിക സമ്മർദ്ദം, പ്രമേഹം എന്നീ അസുഖങ്ങൾ കുറയ്ക്കുന്നതിനും ഇത് വളരെ ഉത്തമമാണ്.
നാൽപാമരത്തിൽ ഒന്ന്.









# 4

## രോഹിണി

## ഞാവൽ

## *Syzygium cumini*



പ്രോട്ടീൻ, വിറ്റാമിൻ എ,ബി,സി, കാർബോഹൈഡ്രേറ്റ് എന്നിവയാൽ സമ്പുഷ്ടമായ ഞാവൽപഴം അനീമിയ, രക്തശുദ്ധീകരണം ഇവയ്ക്ക് നല്ലതാണ്.





# 5

## മകയീരം

## കരിങ്ങാലി

### Acacia catechu



നല്ലൊരു ദാഹശമിനിയാണ്.
ത്വക്ക്രോഗങ്ങൾക്കും വായപ്പുണ്ണിനും
ഔഷധമാണ്.







## തിരുവാതിര


## കരിമരം

### Diospyros ebenum

# 6



ചർമ്മരോഗങ്ങൾക്ക് നല്ലതാണ്.
ശിൽപങ്ങൾ, ഉപകരണങ്ങൾ
ഇവ ഉണ്ടാക്കാൻ വളരെ നല്ലതാണ്.







# 7 പുണർതം

## മുള

### Bambusa arundinacea



സന്ധിവേദന, ക്ഷീണം, ദഹനക്കുറവ് എന്നിവ ശമിപ്പിക്കുന്നു. ആരോഗ്യകരമായ ഭക്ഷണക്രമത്തിൽ വളരെ പ്രാധാനപ്പെട്ട ഒന്നാണ് മുളയരി.





തെരഞ്ഞെടുക്കപ്പെടുന്ന 144 സ്കൂളുകളിൽ നടുന്നതിനുള്ള 27 ജന്മനക്ഷത്ര വൃക്ഷതൈകൾ വൈദ്യരത്നം നൽകും. ജന്മനക്ഷത്രവൃക്ഷങ്ങൾ നടുന്നതിനും പരിപാലിക്കുന്നതിനുമുള്ള സാങ്കതിക ഉപദേശങ്ങളും മാർഗനിർദേശവും ലഭിക്കും.

# 8 പൂയം

## അരയാൽ

### Ficus religiosa



ദഹനക്കുറവ്, ത്വക്ക് രോഗങ്ങൾ, ആർത്തവ സംബന്ധമായ രോഗങ്ങൾ ഇവയ്ക്ക് ഉത്തമം. നാൽപാമരത്തിൽ ഒന്ന്.







## 9

## ആയില്യം

## നാഗപ്പൂമരം

## Mesua ferrea

വന്ധ്യത അകറ്റുന്നതിനും പനി, ശ്വാസരോഗങ്ങൾ, ഹൃദ്രോഗങ്ങൾ എന്നിവയ്ക്കും ഉത്തമം.









## മകം

## പേരാൽ

## Ficus benghalensis

## 10





വ്യണത്തിനും വയറിളക്കത്തിനും ചർമ്മരോഗങ്ങൾക്കും നല്ലതാണ്. നാൽപാമരത്തിൽ ഒന്ന്.





പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾ വൈദ്യരത്നവും മാതൃഭൂമിയും ചേർന്നാണ് തെരഞ്ഞെടുക്കുക. 2017 ഓഗസ്റ്റ് ഏഴിന് ആരംഭിക്കുന്ന പദ്ധതിയുടെ അന്തിമ വിലയിരുത്തൽ 2018 ജനുവരി അവസാനത്തിൽ നടക്കും. ഈ കാലയളവിലെ പ്രവർത്തന മികവ് വിലയിരുത്തി ഓരോ ജില്ലയിലും ഏറ്റവും മികച്ച 3 വിദ്യാലയങ്ങൾക്ക് സമ്മാനം നൽകും.

# 11

## പൂരം

## പ്ലാശ്

## Butea monosperma

കൃമി രോഗങ്ങൾ, വയറിളക്കം, പൈൽസ്,സന്ധിരോഗങ്ങൾ എന്നിവയ്ക്കും രക്തശുദ്ധിക്കും ഉത്തമം.








# 12

## ഉത്രം

## ഇത്തി

## Ficus microcarpa



നാൽപാമരത്തിൽ ഒന്ന്. ത്വക്ക്രോഗങ്ങൾക്കും വൃണത്തിനും രക്തശുദ്ധിക്കും ഉത്തമം.







## 13

## അത്തം

## അമ്പഴം .

## *Spondias pinnata*



കോളറ, വയറിളക്കം, വയറുവേദന, ചർദി, ക്ഷീണം ഇവയ്ക്ക് നല്ലത്.







പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഏറ്റവും മികച്ച പ്രവർത്തനം നടത്തുന്ന വിദ്യാലയത്തിനും മെട്രോയിൽ മികച്ച പ്രവർത്തനം നടത്തുന്ന വിദ്യാലയത്തിനും മെഗാ സമ്മാനവുമുണ്ട്.

## ചിത്തിര

## കൂവളം

## *Aegle marmelos*

## 14



വേദന, നീര്, വിഷം, പ്രമേഹം ഇവയ്ക്ക് വളരെ ഫലപ്രദം. ദശമൂലത്തിൽ ഒന്ന്.





## 15


## ചോതി

## നീർമരുത്

## Terminalia arjuna



ഹൃദയസംബന്ധിയായ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും ശമിപ്പിക്കുന്നതിനും പ്രമേഹത്തിനും ഉത്തമം.










## വിശാഖം

## വയ്യങ്കത

## Flacourtia montana

## 16





മഞ്ഞപ്പിത്തം, ത്വക്ക് രോഗങ്ങൾ, പ്രമേഹം, അർശ്ശസ്സ് എന്നിവയ്ക്കും, ദഹനശക്തി വർദ്ധിപ്പിക്കുന്നതിനും ഫലപ്രദം. പഴയ കാലത്ത് കാതുകുത്തുന്നതിന് ഉപയോഗിച്ചിരുന്നു.







# 17

## അനിഴം

## ഇലഞ്ഞി

## Mimusops elengi



പല്ലുകൾക്ക് ബലം നൽകുന്നതിനും പനി, വയറിളക്കം, വിഷം എന്നിവ ശമിപ്പിക്കുന്നതിനും ബുദ്ധിവികാസത്തിനും ഉത്തമം.









# 18

## തൃക്കേട്ട

## വെട്ടി

## Aporusa lindleyana



പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു.



ഒട്ടാകെ
1,10,000 രൂപയുടെ
ക്യാഷ്
അവാർഡുകൾ!

## 19

### മൂലം

### പൈൻ

### Vateria indica



ആഴത്തിലുള്ള മുറിവുകൾ
വേഗത്തിൽ ഉണങ്ങാൻ ഇതിന്റെ
തൊലി സഹായിക്കുന്നു.










### പൂരാടം

### ആറ്റുവഞ്ചി

### Salix tetrasperma

## 20



ഉണങ്ങിയ ഇല
അപസ്മാരത്തിനുള്ള
ഒരു ഔഷധമാണ്.





## 21

## ഉത്രാടം

## പ്ലാവ്

## Artocarpus heterophyllus



വിറ്റമിൻ എ, സി, ബി1, ബി 2 എന്നിവയാൽ പോഷകസമ്പുഷ്ടമാണ് പഴവും കുരുവും. മൂത്ര സംബന്ധമായ പ്രശ്നങ്ങൾക്ക് ഇത് വളരെ നല്ല ഔഷധമാണ്.









## തിരുവോണം

## എരുക്ക്

## Calotropis gigantea

## 22



ചുമ,ശ്വാസം മുട്ട്, ത്വക്ക് രോഗങ്ങൾ കാലിന്റെ വിരലുകൾക്കിടയിലുാകുന്ന ചൊറിച്ചിൽ ഇവയ്ക്കൊക്കെ നല്ല ഔഷധമാണ്.





# 23

## അവിട്ടം

## വഹ്നി

## Prosopis juliflora



പൈൽസിന് നല്ലൊരു ഔഷധമാണ്.






സംസ്ഥാനത്തെ
മികച്ച സ്കൂളിന്
15,000 രൂപയുടെ
ക്യാഷ് അവാർഡ്!
മെട്രോയിലെ
മികച്ച സ്കൂളിന്
10.000 രൂപയുടെ
ക്യാഷ് അവാർഡ്!

# 24

## ചതയം

## കടമ്പ്

## Neolamarckia cadamba



മൂത്രാശയ സംബന്ധമായ രോഗങ്ങൾക്കും നീർക്കെട്ടിനും ഏറെ ഫലപ്രദമായ ഔഷധമാണ്.







## 25

## പൂരുരുട്ടാതി

## തേന്മാവ്

## Mangifera indica

പഴവർഗ്ഗങ്ങളിലെ രാജാവ്. എല്ലാഭാഗങ്ങളും ഉപയോഗപ്രദം. ദഹനശക്തി, ശരീരപുഷ്ടി എന്നിവ ഉണ്ടാക്കുന്നു.









## 26

## ഉത്രട്ടാതി

## ആര്യവേപ്പ്

## Azadirachta indica



വളരെയധികം ഔഷധവീര്യമുള്ള ഇത് കാൻസറിനുള്ള പ്രതിരോധ ഔഷധമായി ഉപയോഗിക്കുന്നു. ത്വക്ക് രോഗങ്ങൾക്ക് ഉത്തമം.





ഉത്രിട്ടാതിയുടെ വൃക്ഷമായി കരിമ്പനയെയും പറയുന്നു. Borassus flabellifer എന്നതാണ് ശാസ്ത്രീയനാമം.


27

# രേവതി

## ഇരിപ്പ

## Madhuca longifolia

അപസ്മാരം,മൂത്രാശയരോഗങ്ങൾ എന്നിവയ്ക്കും വാതരോഗങ്ങൾക്കും അത്യുത്തമാണ്. മുലയൂട്ടുന്ന അമ്മമാർക്ക് വളരെ നല്ലതാണ്.











### നക്ഷത്രവൃക്ഷങ്ങളോടൊപ്പം...

വൃക്ഷങ്ങളുടെ ഗുണങ്ങൾ ശരിയായി മനസ്സിലാക്കുന്നതിനും അനുഭവിച്ചറിയുന്നതിനും കുട്ടികളെ പ്രാപ്തരാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കഴിയുന്നത്ര മരങ്ങളേയും ചെടികളേയും തിരിച്ചറിയാൻ ഓരോ വിദ്യാർത്ഥിയേയും പരിശാലിപ്പിക്കണം. വൃക്ഷങ്ങളുടെ ഔഷധഗുണങ്ങളും അവർ മനസ്സിലാക്കട്ടെ.

നക്ഷത്രവൃക്ഷങ്ങൾ ഒരുമിച്ച് നട്ടുവളർത്താൻ പ്രത്യേകം ശ്രദ്ധിക്കണം. എല്ലാ മരങ്ങളും ഏറ്റവും ഭംഗിയായി നട്ടുപിടിപ്പിച്ച് പരിപാലിക്കുന്നതിന് ശ്രദ്ധിക്കണം. പദ്ധതിയിൽ ഉൾപ്പെട്ട സ്കൂളുകളിൽ ജൂറി സന്ദർശനം നടത്തിയശേഷമായിരിക്കും അവാർഡ് ജേതാക്കളെ നിശ്ചയിക്കുക.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ താഴെപ്പറയുന്ന നമ്പരിൽ വിളിക്കാം.

0000000000





നക്ഷത്രവനം പദ്ധതി സംബന്ധിച്ച എല്ലാ തർക്കങ്ങളും കോഴിക്കോട് കോടതിയുടെ പരിധിയിൽ മാത്രമായിരിക്കും പരിഗണിക്കുക.

ഒട്ടാകെ
1,10,000
രൂപയുടെ
ക്യാഷ്
പ്രൈസ്!

## മാതൃഭൂമി–വൈദ്യരത്നം

# നക്ഷത്രവനം

പദ്ധതിയുടെ ഭാഗമായി
സംസ്ഥാനത്ത് ഏറ്റവും മികച്ച പ്രവർത്തനം
നടത്തുന്ന സ്കൂളിന് 15,000 രൂപയുടെ
ക്യാഷ് അവാർഡ്!

മെട്രോ നഗരങ്ങളിൽ
ഏറ്റവും മികച്ച പ്രവർത്തനം
നടത്തുന്ന സ്കൂളിന് 10.000 രൂപയുടെ
ക്യാഷ് അവാർഡ്!

ഓരോ ജില്ലയിലും മികച്ച മൂന്ന്
സ്കൂളുകൾക്ക് ക്യാഷ് അവാർഡ്:
ഒന്നാം സമ്മാനം - 3,000 രൂപ
രണ്ടാം സമ്മാനം - 2,000 രൂപ
മൂന്നാം സമ്മാനം - 1,000 രൂപ

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

ASHTAVAIDYAN THAIKKATTU MOOSS
VAIDYARATNAM



Printed at The Mathrubhumi MM Press, Kozhikode